11-09-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –11/09/2021

1. കാർഷിക സർവകലാശാലയുടെ ചിപ്പിക്കൂൺ വിത്ത് ഇപ്പോൾ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാണ്. ആവശ്യമുള്ളവർ 0495 – 2935850 എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്.

2. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറിയിൽ അത്യുൽപാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള ഡബ്ല്യു സി റ്റി ഇൻ പോളിബാഗ് (WCT in Polybag), കുറ്റ്യാടി തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപയ്ക്കും ഡബ്ല്യു സി റ്റി (WCT), ആദിനാട് തെക്ക് തൈ ഒന്നിന് 100 രൂപയക്കും വിൽപ്പനയ്ക്ക് ലഭ്യമാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പാവൽ, വെണ്ട, പയർ തുടങ്ങിയ പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധതരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലുള്ള പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

4. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ബയോറിസോഴ്സ് ആന്റ് അഗ്രിക്കൾച്ചറൽ റിസർച്ച് എന്ന സ്വയംഭരണ സ്ഥാപനത്തിലേക്ക് 2021-22 പഠന വർഷത്തിലേക്കുള്ള ആനിമേഷൻ ന്യൂട്രിഷൻ ആന്റ് ഫീഡ് പ്ലാന്റ് ടെക്ക്നോളജി, അഗ്രോ പ്രോസസിംഗ് ആന്റ് വാല്യു എഡിഷൻ, ബുച്ചറി സ്ലോട്ടർ ഹൗസ് മാനേജ്മെന്റ് ആന്റ് മീറ്റ് പ്രോസസിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധി 30 വയസ്സ്. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ തപാലിലോ brcmokeri@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സർട്ടിഫിക്കറ്റിന്റെ കോപ്പി, വയസ്സു തെളിയിക്കുന്ന രേഖ എന്നിവ സഹിതം ഈ മാസം 30- നകം (സെപ്റ്റംബർ 30നകം) അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447242240** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ മൃഗ സംരക്ഷണ വിഭാഗത്തിലുള്ള കാസർകോട് കുള്ളന്റെ കാളകൾ, കിടാക്കൾ, പശു, കിടാരികൾ, മുട്ടനാട് എന്നിവയെ ലേലം ചെയ്യുന്നു. ഈ മാസം 13-ന് (സെപ്തംബർ 13ന്) രാവിലെ 11 മണിക്ക് മൃഗസംരക്ഷണ വിഭാഗത്തിന്റെ ഓഫീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് **0467 2260450** എന്ന ഫോൺ നമ്പരിലോ പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ഓഫീസുമായോ ബന്ധപ്പെടുക.

6. കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പച്ചക്കറിയിനങ്ങളുടെ വിത്തുകൾ മണ്ണുത്തിയിലുള്ള സെയിൽസ് കൗണ്ടറിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 14-ന് **മത്സ്യത്തീറ്റ നിർമ്മാണവും പരിചരണവും**, 15-ന് **കൂൺകൃഷി** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496-2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി "ശാസ്ത്രീയ പശുപരിപാലനം" എന്നതിനെ ആസ്പദമാക്കി 13/9/2021 മുതൽ 17/9/2021 വരെ രാവിലെ 10.30 മുതൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 13/9/21 തീയതിയിൽ "കന്നുകാലികളുടെ തീറ്റമിശ്രിതം എങ്ങനെ തയാറാക്കാം" എന്ന വിഷയത്തിലും 14/9/21 ന് "ശാസ്ത്രീയ തീറ്റക്രമം - തീറ്റപ്പുൽ കൃഷിയും സംസ്കരണവും" എന്ന വിഷയത്തിലും, 15/9/21ന് "ശാസ്ത്രീയ തീറ്റക്രമം -ഹൈഡ്രോപോണിക്സ്, അസോള, സൈലേജ്, ഹേ" എന്ന വിഷയത്തിലും 16/9/21 ന "ഡയറിഫാമുകളിലെ മാലിന്യ നിർമാർജനം" എന്ന വിഷയത്തിലും 17/9/21 ന് "അന്യ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ" എന്ന വിഷയത്തിലും ആണ് ഓൺലൈൻ പരിശീലനം. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/uei-vphp-gni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക.

9. കുടപ്പനക്കുന്ന് പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്തംബർ 11 ന്) രാവിലെ 9.30 മുതൽ **'നിപ്പ അറിയേണ്ടതെല്ലാം'** എന്ന വിഷയത്തിൽ ഒരു ബോധവൽക്കരണ ക്ലാസ്സ് ഓൺലൈനായി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടണമെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

10. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഈ മാസം 22-ാം തീയതി ആടുവളർത്തൽ എന്ന വിഷയത്തിലും, 28,29 തീയതികളിൽ കറവപ്പശു പരിപാലനം എന്നീ വിഷയത്തിലും ഓൺലൈൻ പരിശീലനങ്ങൾ നടത്തുന്നതാണ്. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

11. ഹോർട്ടികോർപ്പ് ഈ മാസം 13, 14, 15 തീയതികളിലായി നന്തിപുലം സർവ്വീസ് സഹകരണ ഹാളിൽ വച്ച് മൂന്ന് ദിവസത്തെ **കാർഷിക ഉൽപാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം** എന്ന വിഷയത്തെ അടിസ്ഥാനമാക്കി സൌജന്യ തേനീച്ച വളർത്തൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്ന കർഷകർക്ക് ഹോർട്ടികോർപ്പ് സൌജന്യ നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ **9447988360, 9447910989** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം